# ഖുർ ആൻ സുന്നത്ത് സൊസൈറ്റി; ലക്ഷ്യവും മാർഗ്ഗവും.

**അത്യുദാരനും കരുണാനിധിയുമായ അല്ലാഹുവിന്റെ(നാമ)ത്തിൽ**

അറേബ്യയിൽ ജനിച്ചതുകൊണ്ടും മാതൃഭാഷ അറബിയായതുകൊണ്ടും അറബി ഭാഷയിൽ പ്രബോധനം ചെയ്യുകയും പ്രാർത്ഥിക്കുകയും ചെയ്ത നബി തിരുമേനിയുടെ (വിശുദ്ധഖുർആനിന്റെ) കല്പനക്ക് വിരുദ്ധമായി ‘അഹ്‌ലുസ്സുന്നത്തുവൽജമാഅത്ത്’ എന്ന ഒരു അറേബ്യൻ പാരമ്പര്യ മതമുണ്ടാക്കുകയും അതിലൂടെ ‘അഞ്ചുനേരം അറബി ഭാഷയിൽ പ്രാർത്ഥിക്കുന്ന സുന്നികൾക്ക് മാത്രമേ സ്വർഗ്ഗമുള്ളു’ എന്ന മഹാ അപകടകരമായ, ഖുർആൻ വിരുദ്ധ സിദ്ധാന്തം ലോകത്ത് പ്രചരിപ്പിക്കുകയും ചെയ്ത മഹാ കപടന്മാരായിരുന്നു അബൂഹുറൈറയും മുആവിയയും മറ്റു അമവി-അബ്ബാസി ഖലീഫാമാരടക്കമുള്ള ഭൂരിപക്ഷം അറബികളും.! അറേബ്യയിൽ വന്ന ഒരു ദൈവദൂതന്റെ ഐച്ഛികമായ നടപടിക്രമങ്ങളെ(സുന്നത്തുകളെ) ലോകജനതയുടെ(ലോകമുസ്ലീംകളുടെ) ‘നിർബന്ധങ്ങളാക്കി (ഫർളുകളാക്കി) അടിച്ചേൽപ്പിക്കുകയാണ് അറേബ്യയിലെ ആ ജൂത ലോബി ചെയ്തത്. അതുവഴി വിശ്വാസികളുടെ കൂട്ടായ്മയായ ഒരു കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം പോലെ അറേബ്യയിൽ നിന്നും കത്തിപ്പടർന്നു കൊണ്ടിരുന്ന ആ വിപ്ലവ പ്രസ്ഥാനം(ഇസ്ലാം) പെറ്റുമാത്രം പെരുകുന്ന ഒരു അറേബ്യൻ ആചാര മതമായി മാറി.

നബി തിരുമേനിയുടെ മരണം കഴിഞ്ഞു സുമാർ മുപ്പതു വർഷം കഴിഞ്ഞപ്പോൾ (ഹിജ്റ. വർഷം 40 നു ശേഷം) ഇസ്ലാമിൽ നടന്ന ഗുരുതരമായ അട്ടിമറികൾ സത്യാന്വേഷികളായ വായനക്കാരുടെ ശ്രദ്ധയിൽപ്പെടുത്തുക, ഖലീഫാ ഉമറിന്റെ വധത്തോടുകൂടി നബിയുടെ കാലത്തെ ഒരു സാമൂഹ്യ-സാംസ്കാരിക വിപ്ലവ പ്രസ്ഥാനമായിരുന്ന ഇസ്ലാം, എങ്ങിനെ ഖുർആൻ വിരുദ്ധമായ 100 കണക്കിന് തെറ്റുകളടങ്ങിയ നമസ്ക്കാരത്തിനും,നോമ്പിനും,ഹജ്ജിനും,ബാങ്കിനും,ചേലാകർമ്മത്തിനും അമിത പ്രാധാന്യം നൽകുന്ന രണ്ടു അറേബ്യൻ പാരമ്പര്യമതങ്ങളായി( സുന്നി- ശിയാ മതങ്ങളായി) അധഃപതിച്ചു എന്ന ചരിത്രസത്യം സത്യാന്വേഷികളായ മുസ്ലീം സഹോദരന്മാരുടെ ശ്രദ്ധയിൽപ്പെടുത്തുക, നബിയുടെയും ഖുർആനിന്റെയും യഥാർത്ഥ ചരിത്രം വിശ്വാസികളുടെ ശ്രദ്ധയിൽപ്പെടുത്തുക തുടങ്ങിയവയാണ് ഞങ്ങളുടെ പ്രഥമവും പ്രധാനവുമായ ലക്ഷ്യങ്ങൾ. അറേബ്യൻ പാരമ്പര്യവാദികൾ പൂഴ്ത്തിവെച്ച നബിയുടെയും നാലു ഖലീഫമാരുടെയും യഥാർത്ഥ ചരിത്രം പുറത്തു കൊണ്ടുവരുന്നതോടൊപ്പം നബി തിരുമേനിയുടെ നമസ്ക്കാരവും നോമ്പും ഹജ്ജുമടക്കമുള്ള യഥാർത്ഥ ചര്യകളും നടപടിക്രമങ്ങളും മുസ്ലിം സഹോദരന്മാർക്ക് എത്തിച്ചു കൊടുക്കുക എന്നതും ഞങ്ങളുടെ ലക്ഷ്യങ്ങളിൽ പെട്ടതാണ്.

വിശുദ്ധ ഖുർആനിന്റെയും മുഹമ്മദ് നബി തിരുമേനിയുടെയും സ്വപ്നമായിരുന്ന ഏകദൈവ വിശ്വാസത്തിൽ അധിഷ്ഠിതമായ ‘ഏകലോകാശയം’ എന്ന തൗഹീദിന്റെ അടിസ്ഥാന ഘടകങ്ങളായ മാനവ ഐക്യവും സർവ്വമത സാഹോദര്യവും, മത സഹിഷ്ണുതയും, മതേതരത്വവും, ഖുർആൻ പ്രോത്സാഹിപ്പിക്കുന്ന വൈജ്ഞാനിക വിപ്ലവും, വിശ്വാസി സമൂഹത്തിന്റെ നീതിയിലും, നന്മയിലും അധിഷ്ഠിതമായ ജനാധിപത്യ മര്യാദകളും മുസ്ലിംകൾക്കിടയിൽ പ്രചരിപ്പിക്കുന്നതോടൊപ്പം, വിശ്വാസികളായ ജനങ്ങളെ സ്വർഗ്ഗവും പരലോകമോക്ഷവും കൈവരിക്കാൻ, വിധിയിൽ വിശ്വസിക്കാതെ നിഷ്ക്കാമ കർമ്മം ചെയ്യാൻ പ്രാപ്തരാക്കുക എന്നതും ഞങ്ങൾ ലക്ഷ്യമാക്കുന്നു.

അറേബ്യൻ പാരമ്പര്യവാദികളായിരുന്ന അമവി-അബ്ബാസി ഖലീഫമാരും അവരുടെ ‘റാൻ’ മൂളികളും കെട്ടിയുണ്ടാക്കിയ കള്ള ഹദീസുകൾ കൊണ്ട് ദുർബലപ്പെടുത്തിയ(മൻസൂഖ് ആക്കിയ)വിശുദ്ധഖുർ ആനിലുള്ള അടിസ്ഥാന സിദ്ധാന്തങ്ങൾ മുസ്ലിംകൾക്കിടയിൽ പ്രചരിപ്പിക്കുന്നതോടൊപ്പം നബിയുടെ സത്യമായ ചില ഹദീസുകളുടെയും ചരിത്രയാഥാർത്ഥ്യങ്ങളുടെയും പശ്ചാത്തലത്തോടെ, വിശുദ്ധഖുർ ആനിലെ അടിസ്ഥാന സിദ്ധാന്തങ്ങളെ ആസ്പദമാക്കിയുള്ള സംശുദ്ധമായ ഒരു ഖുർആൻ പരിഭാഷയും കൈരളിക്ക്- വിശിഷ്യാ കേരള മുസ്ലിംകൾക്ക്- സമ്മാനിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.(ഇൻഷാ അള്ളാ..) സർവ്വശക്തൻ അനുഗ്രഹിക്കട്ടെ എന്ന പ്രാർത്ഥനയോടെ എല്ലാവരുടെയും സഹായസഹകരണങ്ങൾ പ്രതീക്ഷിച്ചു കൊണ്ട്.

ഡോ: എം. അബ്ദുൾ ജലീൽ, പുറ്റെക്കാട്.


CONTACT
DR. M. ABDUL JALEEL,PUTTEKKAD
CHAIRMAN. IRPC( ISLAMIC REASERCH AND PROPAGATION CENTRE)
THE MULTIMEDIA PUBLICITY WING OF **KHUR 'AAN SUNNATH SOCIETY.**
MOULAVI CHEKANOOR MEMORIAL BUILDING
(NEAR MIMS HOSPITAL)
MANALTHAZHAM
P.O. GOVINDAPURAM.
PIN: 673016
CALICUT"KERALA
INDIA.
കോഴിക്കോട്.
ഫോൺ:
മൊബൈൽ: 9946393555, 9496244760, 9847099064.


